പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 3001

28.01.2014 ൽ
മറുപടിക്ക്

## കണ്ണൂർ ജില്ലയിൽ മണൽ ഖനനം നിരോധിച്ചതുമൂലം നിർമ്മാണ മേഖലയിലുണ്ടായ പ്രതിസന്ധി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.റ്റി.വി.രാജേഷ് : | | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പു മന്ത്രി) | |
| (എ) | ദേശീയ ഗ്രീൻ ട്രിബ്യൂണൽ വിധിയുടെ അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ അംഗീകൃത കടവുകളിൽ നിന്ന് മണൽ ഖനനം നടത്തുന്നത് നിരോധിച്ചത് മൂലം ജില്ലയിൽ നിർമ്മാണ മേഖലയിലുണ്ടായ പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത പ്രതിസന്ധി ഒഴിവാക്കുന്നതിന് എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ ; | (ബി) | 10-01-14 -ലെ സ.ഉ 23/14/റവ. നമ്പർ ഉത്തരവ് പ്രകാരം പ്രസ്തുത പ്രതിസന്ധി ഒഴിവാക്കുന്നതിന് മാർഗ നിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു). കൂടാതെ സംസ്ഥാന പരിസ്ഥിതി ആഘാത പഠന അതോറിറ്റി (SEIAA) -യിൽ നിന്ന് പാരിസ്ഥിതികാനുമതി നേടുന്നതിനായി ജില്ലാ കളക്ടർ പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പ് ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ജില്ലയിൽ ഇ-മണൽ സംവിധാനത്തിന്റെ നിലവിലെ സ്ഥിതി എന്താണ് ; വിശദാംശം ലഭ്യമാക്കാമോ ? | (സി) | ജില്ലയിൽ നദീ-പരിസ്ഥിതി സംരക്ഷണം മുൻനിർത്തി CWRDM നടത്തിയ പഠനത്തിന്റെ ഭാഗമായി തയ്യാറാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ലഭ്യമായ ആറ്റുമണൽ ന്യായവിലയ്ക്ക് മുൻഗണനാക്രമത്തിൽ നൽകുന്ന സംവിധാനമാണ് ഈ-മണൽ സംവിധാനം. ബഹു.ഗ്രീൻ ട്രിബ്യൂണലിന്റെ വിധിയെ തുടർന്ന് ജില്ലയിൽ 2013 ഡിസംബർ 22 മുതൽ ആറ്റുമണൽ ഖനനം നിരോധിച്ചിരിക്കുകയാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ഇ-മണൽ സംവിധാനവും നിർത്തിവെച്ചിരിക്കുകയാണ്. ഇ-മണലിന്റെ നിലവിലുള്ള സ്ഥിതിവിവര കണക്ക് താഴെപ്പറയും പ്രകാരമാണ്.<br>ആകെ അപേക്ഷകൾ - 1,25,020<br>മണൽ ലഭിച്ചവർ - 52,518<br>മണൽ ലഭിക്കുവാൻ ബാക്കിയുള്ള ക്യൂവിൽ ഉള്ളവർ - 72,502 |

Sreelaka TP

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

റവന്യു വകുപ്പ് - ആറ്റുമണൽ, സാധാരണ മണ്ണ്, പാറ എന്നിവയുടെ ഖനനം - വിവിധ ഏജൻസികളിൽ നിന്നുമുള്ള നിയന്ത്രണങ്ങൾ മൂലം സംജാതമായ ധാതുക്കളുടെ ഉയർന്ന തലത്തിലുള്ള ആവശ്യകത നേരിടുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യു (പി) വകുപ്പ്

സ.ഉ (എം.എസ്) നം. 23/14/റവ. തീയ്യതി തിരുവനന്തപുരം 10-01-2014

---

ഉത്തരവ്

നിലവിൽ സംസ്ഥാനത്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്ന അനധികൃത് ഖനനങ്ങൾക്കെതിരെയുള്ള കർശന നിയന്ത്രണ സംവിധാനങ്ങളെ സംബന്ധിച്ച് ബഹു.സുപ്രീം കോടതി / കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം / നാഷണൽ ഗ്രീൻ ട്രിബ്യൂണൽ എന്നിവയുടെ മുമ്പാകെ റിവ്യു പെറ്റീഷൻ സമർപ്പിക്കുന്നതിനും, നദികളിലെ അടിത്തട്ടിൽ നിന്നുള്ള ഖനനത്തിന് അനുമതി കേരളത്തിലെ നദികൾക്ക് അനുവദിക്കണമെന്നത് പരിഗണിക്കുന്നതിനായി ബഹു.സുപ്രീംകോടതി മുമ്പാകെ മോഡിഫിക്കേഷൻ പെറ്റീഷൻ സമർപ്പിക്കുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു. റിവ്യു പെറ്റീഷൻ / മോഡിഫിക്കേഷൻ പെറ്റീഷൻ സമർപ്പിക്കുമ്പോൾ അനധികൃത ഖനനങ്ങൾക്കെതിരെ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന കർശന നിയന്ത്രണ സംവിധാനങ്ങളും സ്വീകരിച്ചിട്ടുള്ള നടപടികളും വ്യക്തമാക്കിക്കൊണ്ടുവേണം റിവ്യൂ പെറ്റീഷൻ / മോഡിഫിക്കേഷൻ പെറ്റീഷൻ നൽകേണ്ടത്.

കൂടാതെ, കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും നിയമം 2001 -ൽ നദികളിൽ നിന്നും മണൽ ഖനനം ചെയ്യുന്നത് സംബന്ധിച്ച് നിഷ്കർഷിച്ചിട്ടുള്ള പൊതു നിബന്ധനകൾ പാലിച്ചു കൊണ്ട്

തെരെഞ്ഞെടുക്കപ്പെട്ട നദീതീരങ്ങളിലെ ഖനനത്തിനായി പരിസ്ഥിതി ക്ലിയറൻസിനായി സംസ്ഥാന പരിസ്ഥിതി ആഘാത പഠന അതോറിറ്റി (SEIAA) യിൽ അപേക്ഷ സമർപ്പിച്ച് അനുമതി നേടിയെടുക്കുന്നതിന് ബന്ധപ്പെട്ട ജില്ലാ കളക്ടർമാരെ ഇതിനാൽ ചുമതലപ്പെടുത്തുന്നു.

( ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം )

സത്യജിത് രാജൻ
പ്രിൻസിപ്പൽ സെക്രട്ടറി

To

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
എല്ലാ ജില്ലാ കളക്ടർമാർക്കും
പരിസ്ഥിതി / നിയമം / ജലവിഭവം / വ്യവസായം / തദ്ദേശ സ്വയംഭരണ വകുപ്പ്
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നമ്പർ 4762 തീയതി, 08-01-2014)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് - റവന്യൂ വകുപ്പ് മന്ത്രിയുടെ പി.എസ്.ന്
റവന്യൂ വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്.
റവന്യൂ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്.

Sreelekha T P
Section Officer